**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 155** **12-12-2022 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതിയിലൂടെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനിതകൾ ക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമവിഷയങ്ങൾ എന്നിവയിൽ പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടം ഘട്ടമായി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha. pol @kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.<br><br>ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത |

സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായ പോലീസ് സഹായം നൽകുകയും ചെയ്യും.
പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നതുമാണ്.
സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിന് വേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.
അടിയന്തരഘട്ടങ്ങളിൽ 1515, 112, 1090, 1091 എന്നീ ടോൾഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്.
സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ത്രീ സുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെകുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി 14 വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ കൂടി വനിതാ പോലീസ്

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾ ക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് പോലീസ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>വനിതാശിശു വികസന വകുപ്പ് ഇനി പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>തൊഴിലിടങ്ങൾ പോലുള്ള പൊതുസ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമം -2013 നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിത ശിശുവികസന വകുപ്പിനെ ചുമതലപ്പെടുത്തി. കൂടാതെ Sexual Harrassment of women at workplace (prevention, prohibition and redressel) Act 2013 സംബന്ധിച്ചുള്ള പരാതികൾ ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിനുള്ള She box എന്ന ഓൺലൈൻ പോർട്ടലും നടപ്പാക്കുന്നുണ്ട്.<br><br>കുടുംബം/വീട് പോലുള്ള സ്വകാര്യ ഇടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം എന്നിവയുടെ അടിസ്ഥാനത്തിലും രക്ഷാദൂത്, സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ,ഷെൽട്ടർ ഹോമുകൾ, കാതോർത്ത്, വാട്സാപ്പ് ഹെൽപ്പ് ലൈൻ നമ്പർ 9400080292, 181 മിത്രാ ഹെൽപ്പ് ലൈൻ, പൊൻവാക്ക്, വൺസ്റ്റോപ്പ് സെന്ററുകൾ,ധീര തുടങ്ങിയ പദ്ധതികളും വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കിവരുന്നു |
| (ബി) | സ്ത്രീ പീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ താമസംവിനാ കേസ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്ക് കർശന ശിക്ഷ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വനിതാ ശിശുവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1)ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന |

| | | | |
|---|---|---|---|
| | | | നിർഭയ പദ്ധതി.<br><br>2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന സംവിധാനം<br><br>3)ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പി ലാക്കുന്ന രക്ഷാദൂത് പദ്ധതി.<br><br>4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.<br><br>5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി 181 മിത്ര ഹെൽപ്പ് ലൈൻ നിലവിലുണ്ട്.<br><br>6) ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നു.<br><br>7) കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസറുടെ സേവനം ലഭ്യമാണ്. ഇതിനു പുറമെ അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെ നിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള കമാന്റ് സെന്ററിൽ ലഭ്യമാണ്. |
| (സി) | സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി, ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് രണ്ടു ഘട്ടങ്ങളിലായി (26+26) 52 പ്രത്യേക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൽ 26 കോടതികൾ 2020-21-ൽ പ്രവർത്തനം ആരംഭിച്ചു. രണ്ടാം ഘട്ടമായി അനുവദിച്ച 26 കോടതികളിൽ 21 കോടതികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. |
| (ഡി) | ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സ്ത്രീധന പീഡനം ഉൾപ്പെടെയുള്ള ഗാർഹികാതിക്രമങ്ങൾ തടയുന്നതിനായി പോലീസ് കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമ സഹായവും നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീധന പീഡനം ഉൾപ്പെടെയുള്ള ഗാർഹികാതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പരാതികൾ അറിയിക്കുന്നതിനുള്ള പദ്ധതിയാണ് 'അപരാജിത'.

ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം-2005 വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഗാർഹിക പീഡനം, സ്ത്രീധന പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ജില്ലകളിൽ പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററുകൾ, വനിതാ സംരക്ഷണ ഓഫീസർമാർ എന്നിവർ മുഖേനയും കാര്യക്ഷമമായി കൈകാര്യം ചെയ്തു വരുന്നു.

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/ dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്.പ്രസ്തുത പോർട്ടലിൽ വ്യക്തികൾക്ക് സ്ത്രീധനം സംബന്ധിച്ച പരാതി നൽകാവുന്നതും ആയതിൻമേൽ ജില്ലാ സ്ത്രീധന നിരോധന ഓഫിസർമാർ നടപടി സ്വീകരിക്കുന്നതുമാണ്. ഗാർഹിക, ലൈംഗീക സ്ത്രീധന, പീഡനങ്ങളെപ്പറ്റിയും അതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമ പരിരക്ഷയെകുറിച്ച് അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കുവാനായി സ്ത്രീധന പീഡനങ്ങൾ ഗാർഹീക അതിക്രമങ്ങൾ കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/ കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി നിയമ പരിരക്ഷ, സേവനങ്ങൾ ആയതു നേടിയെടുക്കേണ്ട വിധം, തുടങ്ങിയ കാര്യങ്ങളെപ്പറ്റി ബോധ വൽക്കരിക്കുന്നതിന് വനിതാസഹായ

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ വനിതാ ശിശുവികസന വകുപ്പിൽ പ്രവർത്തിച്ചുവരുന്നു. |
| (ഇ) | സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ക്രൈം പ്രിവെൻഷൻ എഗൈയിൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈബർ ക്രൈം പ്രിവെൻഷൻ എഗൈൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ പ്രോജക്ട് (CCPWC). ഇതിന്റെ ഭാഗമായി കേരളാ പോലീസ് അക്കാദ മിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര ആഭ്യന്തര മന്ത്രാലയം സ്ഥാപിച്ചിട്ടുള്ള നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ